Student Empowerment for Environmental Development

# സീഡ്

കൈപ്പുസ്തകം
2017-18

കേരള സർക്കാർ
ഹരിതകേരളം മിഷനും
മാതൃഭൂമി സീഡും
കൈകോർക്കുന്നു

Synchronising **curriculum** with environmental education and student **empowerment**



## സമൂഹനന്മ കുട്ടികളിലൂടെ

മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി

FEDERAL BANK
YOUR PERFECT BANKING PARTNER

# Connecting People to Nature

From your backyard to your favourite national park, nature is closer than you think. It's time to get out and enjoy it.

# ചേർത്തുനിർത്താം മനുഷ്യരെ പ്രകൃതിയോട്

**തൊടി മുതൽ ദേശീയോദ്യാനം വരെ നമ്മൾ കരുതുന്നതിനെക്കാൾ വളരെ അടുത്താണ് പ്രകൃതി. പുറത്തിറങ്ങി പ്രകൃതിയെ ആസ്വദിക്കാൻ ശരിയായ സമയം ഇതുതന്നെ.**

**ചേ**ർത്തുനിർത്താം മനുഷ്യരെ പ്രകൃതിയോട് എന്നതാണ് 2017 ലെ ലോക പരിസ്ഥിതിദിന സന്ദേശം. ഡിജിറ്റൽ യുഗത്തിൽ മനുഷ്യർ തമ്മിലുള്ള ആശയവിനിമയത്തിന്റെ വ്യാപ്തി വളരെ വർധിച്ചു. എന്നാൽ പ്രകൃതിയോടുള്ള അടുപ്പത്തിൽ നിന്ന് മനുഷ്യർ ഏറെ അകന്നുപോകുകയും ചെയ്തു. പ്രകൃതിയോടുള്ള ബന്ധം അനുഭവിച്ചറിയാനും കാത്തുസൂക്ഷിക്കാനും ലോകജനതയെ ക്ഷണിക്കുന്ന സന്ദേശമാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടുവെച്ചിരിക്കുന്നത്. സമ്പന്നമായ ആവാസവ്യവസ്ഥയുടെ മൂല്യം കണക്കാക്കാവുന്നതിനുമപ്പുറമാണ്. മനുഷ്യർക്ക് വെള്ളവും വായുവും ഭക്ഷണവും മരുന്നും വിനോദവുമെല്ലാം നൽകുന്ന പ്രകൃതി നമുക്ക് വളരെ അരികിലാണ്. അതിനെ കണ്ടും തൊട്ടും അനുഭവിച്ചറിയുന്നതിനുള്ള പരിപാടികൾ ലോകമെമ്പാടും നടത്താനാണ് ഐക്യരാഷ്ട്രസഭ ആഹ്വാനം oddslot ചെയ്യുന്നത്.

## സീഡിൽ സജീവമായി തുടരുന്ന സ്കൂളുകൾ
## 2009-2017






**പിണറായി വിജയൻ**
മുഖ്യമന്ത്രി

**മ**ണ്ണും മരങ്ങളും ജലവും സംരക്ഷിക്കുന്നതിന് കേരളത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ മാതൃഭൂമി നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് എംപവർമെന്റ് ഫോർ എൻവയോൺമെന്റ് ഡെവലപ്മെന്റ് (SEED) എന്ന പദ്ധതിയുമായി 2017–18 അധ്യയന വർഷത്തിൽ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. പരിസ്ഥിതിസംരക്ഷണ കൂട്ടായ്മയ്ക്ക് ഈ സംരംഭം വളരെ ഉപകാരപ്രദമാകും എന്നു പ്രതീക്ഷിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**കേ**രള സംസ്ഥാനത്തിന്റെ സാമൂഹിക ഉന്നമനത്തിനും സാമ്പത്തിക പുരോഗതിക്കും ആവശ്യമായ ദിശാബോധം നൽകുന്നതിൽ 'മാതൃഭൂമി' സ്തുത്യർഹമായ പങ്കാണ് നിർവഹിച്ചിട്ടുള്ളത്.

മാതൃഭൂമി ദിനപത്രത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾവിദ്യാർഥികളെ സംഘടിപ്പിച്ചു നടത്തിവരുന്ന പരിസ്ഥിതിസംരക്ഷണ കൂട്ടായ്മയായ സീഡ്, പ്രവർത്തന പാതയിൽ വിജയകരമായ എട്ടുവർഷം പിന്നിട്ടുകഴിഞ്ഞുവെന്നറിയുന്നത് ഏറെ ആഹ്ലാദകരമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്കെത്തിക്കുവാനുള്ള ശ്രമങ്ങളോടൊപ്പം കുട്ടികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുവാനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു. ജൈവവൈവിധ്യ പാർക്കുകളും കൃഷിയിടങ്ങളും മഴക്കുഴികളും സ്കൂളുകളുടെ ഭാഗമായി മാറുകയാണ്. മാതൃഭൂമി സീഡ് പദ്ധതിയിലൂടെ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ഇത്തരം ഉദ്യമങ്ങൾക്ക് തീർച്ചയായും ശക്തമായ പിന്തുണയാണ് നൽകുന്നത്. മാതൃഭൂമി സീഡ് പദ്ധതി പ്രകാരം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പ്രശംസനീയവും മാതൃകാപരവുമാണ്.

ഇതിനകംതന്നെ വൻവിജയമായിക്കഴിഞ്ഞ മാതൃഭൂമി സീഡ് പദ്ധതി കൂടുതൽ വിദ്യാർഥികളിലേക്ക്, കൂടുതൽ ഉയരങ്ങളിലേക്ക് വളരട്ടെയെന്ന് ആശംസിക്കുന്നു. പദ്ധതിയുടെ ഊർജസ്വലരായ സംഘാടകർക്കും സജീവപങ്കാളികളായ അധ്യാപകർക്കും വിദ്യാർഥികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.



**പ്രൊഫ.സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസ മന്ത്രി



**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

**ന**മ്മുടെ ജീവിതശൈലിയിലും മനോഭാവത്തിലും മാറ്റംവരുത്തിയാൽ മാത്രമേ പ്രകൃതി സംരക്ഷണമെന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള പ്രചാരണം ആരംഭിക്കേണ്ടത് കുട്ടികളിൽനിന്നാണ്. ഈ രംഗത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന മാതൃഭൂമി 'സീഡു'മായി ചേർന്ന് ഹരിതകേരളം മിഷൻ, എല്ലാ വിദ്യാലയങ്ങളിലേക്കും പ്രകൃതിസംരക്ഷണമെന്ന സന്ദേശം എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ജൂൺ 5ന് തുടക്കംകുറിക്കുന്ന ഈ അധ്യയനവർഷത്തെ സീഡ് പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

## സീഡ് പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

**2009 മുതൽ 2017 വരെ**

| നേട്ടങ്ങൾ | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | TOTAL |
|---|---|---|---|---|---|---|---|---|---|
| പച്ചക്കറി (*കി. ഗ്രാം*) | | 7,230 | 2,721 | 84,287 | 99,416 | 1,54,732 | 1,72,000 | 1,77,780 | **6,98,166** |
| നെല്ല് (*കി. ഗ്രാം*) | | 2,862 | 2,268 | 26,498 | 23,982 | 61,355 | 44,392 | 33,129 | **1,94,486** |
| പഴവർഗങ്ങൾ (*കി. ഗ്രാം*) | | 5,115 | 1,542 | 46,373 | 46,671 | 53,741 | 1,23,000 | 77,072 | **3,53,514** |
| നട്ടുസംരക്ഷിച്ച വൃക്ഷത്തൈകൾ | 1,08,963 | 1,19,407 | 70,983 | 87,359 | 51,184 | 98,662 | 94,277 | 67,765 | **6,98,600** |
| പോസ്റ്റർ പ്രദർശനം | 693 | 1,599 | 1,333 | 4,833 | 4,345 | 7,803 | 9,404 | 6,160 | **36,170** |
| ബോധവത്കരണ പ്രവർത്തനങ്ങൾ | 988 | 1,379 | 1,432 | 3,475 | 4,680 | 5,362 | 8,001 | 4,594 | **29,911** |
| സെമിനാറുകൾ | 935 | 2,783 | 2,133 | 3,980 | 3,477 | 6,233 | 7,811 | 5,976 | **33,328** |
| റാലികൾ | 477 | 756 | 1,143 | 2,325 | 1,964 | 4,463 | 4,840 | 3,712 | **19,680** |

## വിശിഷ്ട ഹരിത വിദ്യാലയങ്ങൾ

| | |
|---|---|
| **2009-10** | എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം |
| **2010-11** | ജവഹർ നവോദയ വിദ്യാലയം ലക്കിടി, വയനാട് |
| **2011-12** | എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ, പത്തനംതിട്ട |
| **2012-13** | എച്ച്.ഡി.പി.സമാജം എച്ച്.എസ്. എടതിരിഞ്ഞി, തൃശ്ശൂർ |
| **2013-14** | വി. വി. എച്ച്. എസ്. എസ്. താമരക്കുളം, ആലപ്പുഴ |
| **2014-15** | ജി.യു.പി.എസ്. ഭീമനാട് പാലക്കാട് |
| **2015-16** | എരഞ്ഞിമങ്ങാട് ജി.യു.പി.സ്കൂൾ, മലപ്പുറം |
| **2016-17** | കൂത്തുപറമ്പ് എച്ച്.എസ്.എസ്. തൊക്കിലങ്ങാടി, കണ്ണൂർ |

## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

- **കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2017 (International Advertising Association)**
- **NIPM Best Corporate Citizen Award 2016**
- **വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ്പ് അവാർഡ് 2014 (WAN-IFRA)**
- **വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA)**
- **ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012**
- **കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2014 (International Advertising Association)**
- **വനമിത്ര പുരസ്കാരം 2012 (Government of Kerala)**



**മാതൃഭൂമി സീഡ് ഒൻപതാം വർഷത്തിലേക്ക്...**

# ബന്ധിപ്പിക്കാം പഠനത്തെ പ്രകൃതിയുമായി

**ഒ**ൻപതു വർഷം മുൻപാണ് പ്രകൃതിസംരക്ഷണം എന്ന ആശയവുമായി മാതൃഭൂമി വിദ്യാർഥികളോടൊപ്പം നടന്നുതുടങ്ങിയത്. Student Empowerment for Environmental Development (SEED) എന്ന പ്രസ്ഥാനം ഇപ്പോൾ കേരളത്തിലെ പ്രകൃതിസംരക്ഷണത്തിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞു.

വലിയ മാറ്റങ്ങളോടെയാണ് ഈ വർഷത്തെ സീഡ് പ്രവർത്തനങ്ങളുടെ മാർഗരേഖ ചിട്ടപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷങ്ങളിലെപ്പോലെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്കും സീഡ് പദ്ധതിയിൽ oddslot പ്രവർത്തിക്കാം.

പഠനത്തെ പ്രകൃതിയുമായി ബന്ധിപ്പിക്കുക എന്ന ആശയത്തിലൂന്നിയാണ് സീഡിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സീഡ് പദ്ധതിയിലെ ഓരോ ആക്ടിവിറ്റികളും ഏത് പഠനഭാഗവുമായി ബന്ധപ്പെട്ടതാണെന്ന് ഈ കൈപ്പുസ്തകത്തിൽ വിശദമാക്കുന്നുണ്ട്.

### എൽ.പി.സ്കൂളുകൾക്കും രജിസ്റ്റർ ചെയ്യാം

ഈ വർഷം മുതൽ എൽ.പി.സ്കൂളുകൾക്കും സീഡിൽ രജിസ്റ്റർ ചെയ്യാം. കൊച്ചുകുട്ടികൾ ചെയ്യുന്ന ചെറിയചെറിയ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ വിലപ്പെട്ടതാണ്. റിപ്പോർട്ട് സമർപ്പിക്കുന്ന എൽ. പി. സ്കൂളുകളെ സീഡിന്റെ സമ്മാനങ്ങൾക്കായി പരിഗണിക്കും. എൽ.പി. സ്കൂളുകൾക്കായി ജില്ലാതലത്തിൽ പ്രോത്സാഹന സമ്മാനങ്ങളും നൽകും. താത്പര്യമുള്ള കോളേജുകൾക്കും രജിസ്ട്രേഷൻ അനുവദിക്കും.

**പഠനപ്രവർത്തനങ്ങളുടെ സമയം ഒട്ടും അപഹരിക്കാതെ നടപ്പിലാക്കാവുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്**



പഠനപ്രവർത്തനങ്ങളുടെ സമയം ഒട്ടും അപഹരിക്കാതെ നടപ്പിലാക്കാവുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുമുണ്ട്. ഓരോ പാഠഭാഗത്തെയും പ്രകൃതിസംബന്ധമായ ഭാഗങ്ങൾ പഠിക്കുമ്പോൾ ആവശ്യമായിവരുന്ന അധിക വിവരശേഖരണത്തിന് സീഡ് പ്രവർത്തനങ്ങൾ സഹായകമാവുകയും ചെയ്യും.

സീഡിന്റെ ആശയങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നതിന് സീഡ് ക്ലബ്ബുകൾ രൂപവത്കരിക്കണം. പരിസ്ഥിതിപ്രവർത്തനത്തിൽ താത്പര്യമുള്ള വിദ്യാർഥികൾ, അധ്യാപക കോ-ഓഡിനേറ്റർ എന്നിവരടങ്ങുന്നതാണ് സീഡ് ക്ലബ്ബ്. പ്രായോഗികപ്രവർത്തനങ്ങൾ സ്കൂളിലും, പൊതുസമൂഹത്തിലും നടപ്പിലാക്കുന്നതിന് മറ്റ് അധ്യാപകർ, വിദ്യാർഥികൾ, പ്രാദേശിക ക്ലബ്ബുകൾ, പി.ടി.എ., മറ്റു സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായം തേടാവുന്നതാണ്.

നിരവധി പരിസ്ഥിതിസംരക്ഷണ മാതൃകകൾ സീഡിന്റെ ഭാഗമായുണ്ടാക്കാൻ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമായ ഫെഡറൽ ബാങ്ക് സീഡിനൊപ്പമുണ്ട്.

പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾക്കായി മാതൃഭൂമി സീഡ് കുട്ടികളെ വിവിധ വിഭാഗങ്ങളിലായി സജ്ജരാക്കിയിട്ടുണ്ട്. സീഡ് പോലീസ്, സീഡ് റിപ്പോർട്ടർ എന്നിവ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ സജീവ ഇടപെടൽ നടത്തിവരുന്നു. ലവ് പ്ലാസ്റ്റിക്, സീസൺ വാച്ച്, എന്റെ തെങ്ങ്, കടലാമയ്ക്കൊരു കൈത്തൊട്ടിൽ, നാട്ടുമാഞ്ചോട്ടിൽ, ഹരിതം ഔഷധം തുടങ്ങിയ പദ്ധതികൾ സീഡിന്റെ വിജയമാതൃകകളാണ്.

## സീഡ് പോലീസ്



സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രകൃതിസംരക്ഷണ സേനയാണ് സീഡ് പോലീസ്. കേരളത്തിലെ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ മുൻനിരയിലുണ്ട് ഇവർ. സ്കൂളിലെ സീഡ് അംഗങ്ങളിൽനിന്ന് തിരഞ്ഞെടുക്കുന്ന ഏതാനും പേരെയാണ് സീഡ് പോലീസിന്റെ ചുമതല ഏല്പിക്കുക. ടീച്ചർ കോ-ഓഡിനേറ്റർമാരുടെ നിയന്ത്രണത്തിലായിരിക്കും ഇവരുടെ പ്രവർത്തനം.

## സീഡ് റിപ്പോർട്ടർ



പരിസ്ഥിതി വിഷയങ്ങൾ മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂസ്, ക്ലബ് എഫ്.എം. എന്നിവയിലൂടെ പൊതുജനങ്ങളിൽ എത്തിക്കുക എന്നതാണ് സീഡ് റിപ്പോർട്ടർമാരുടെ ചുമതല. പ്രകൃതിയുമായി ബന്ധപ്പെട്ട വാർത്തകൾ തയ്യാറാക്കി മാതൃഭൂമി സീഡ് പ്രതിനിധിയെ ഏൽപ്പിക്കണം. ഇവയിൽ പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ഉപയോഗപ്പെടുത്തും. ഇതിനായി ഓരോ സ്കൂളിലും പത്രപ്രവർത്തനത്തിൽ താത്പര്യമുള്ള ഒരു കുട്ടിയെ സീഡ് റിപ്പോർട്ടറായി ചുമതലപ്പെടുത്തണം.

## ജെം ഓഫ് സീഡ്

സീഡ് പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്ന കുട്ടികൾക്ക് നൽകുന്ന പുരസ്കാരമാണ് ജെം ഓഫ് സീഡ്. പുരസ്കാരത്തിനായി മികച്ച കുട്ടികളെ സ്കൂളിന് നിർദേശിക്കാം. കുട്ടികൾക്ക് നേരിട്ടും അപേക്ഷ സമർപ്പിക്കാം.

പ്രകൃതിസംരക്ഷണത്തിനായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അടങ്ങിയതാവണം അപേക്ഷ. വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയിൽ പേര്, ക്ലാസ്, സ്കൂൾ വിലാസം, ഫോൺ നമ്പർ എന്നിവയുണ്ടാകണം. സീഡ് കോ -ഓഡിനേറ്ററുടെയും പ്രധാന അധ്യാപകന്റെയും ശുപാർശയോടെ വേണം ജെം ഓഫ് സീഡ് അവാർഡിന് അപേക്ഷിക്കാൻ. ജെം ഓഫ് സീഡ് അപേക്ഷകൾ സീഡ് റിപ്പോർട്ടിനൊപ്പം സമർപ്പിക്കുകയോ മാതൃഭൂമി ജില്ലാ ഓഫീസുകളിലേക്ക് അയയ്ക്കുകയോ ചെയ്യാം.

ഒരു വിദ്യാലയത്തിൽനിന്ന് എത്ര കുട്ടികൾക്കു വേണമെങ്കിലും ജെം ഓഫ് സീഡ് പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാം.





ഈ വർഷത്തെ സീഡ് പ്രവർത്തനങ്ങളെ ആറു പ്രധാന വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഈ വർഷം നമ്മൾ പ്രഥമ പരിഗണന നൽകുന്നത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ്. ഒപ്പം നാട്ടുമാവുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി തുടരും. കാർഷികപ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണം, മലിനീകരണനിയന്ത്രണവും ശുചിത്വവും ആരോഗ്യവും, ഊർജസംരക്ഷണം എന്നീ പ്രവർത്തനങ്ങളും സജീവമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

## 1 ജല സംരക്ഷണവർഷം



Synchronising curriculum with environmental education and student empowerment

5 മുതൽ 10 വരെ ക്ലാസുകളിലെ സാമൂഹ്യപാഠം, മലയാളം, ശാസ്ത്രം എന്നീ വിഷയങ്ങളുമായി നേരിട്ട് ബന്ധപ്പെടുത്താവുന്നതാണ്



മാതൃഭൂമി സീഡ് 2017-18 ജലവർഷമായി ആചരിക്കുന്നു. കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് മൂന്ന് അടിയോളം താഴ്ന്നതായി പഠന റിപ്പോർട്ടുകൾ മുന്നറിയിപ്പു നൽകുന്നു. കടുത്ത വേനലും ചൂടും ശുദ്ധജല ക്ഷാമവും ഇത് ഓർമപ്പെടുത്തുന്നു. കായലുകളും തോടുകളും തണ്ണീർത്തടങ്ങളും നെൽവയലുകളും, വലുപ്പം കുറഞ്ഞ് ഇല്ലാതാകുന്നതും കുഴൽക്കിണറുകളുടെ അമിത ഉപയോഗവും ഭൂഗർഭജലനിരപ്പ് താഴുന്നതിന് കാരണമായിട്ടുണ്ട്.

മഴവെള്ളം ഭൂമിക്കടിയിലേക്ക് അരിച്ചിറങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. മഴക്കുഴികളും മറ്റും ശാസ്ത്രീയമായി നിർമിച്ച് കഴിയുന്നത്ര മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കണം. ഓരോ പ്രദേശത്തുള്ള ജലാശയങ്ങൾ സംരക്ഷിക്കാൻ സീഡ് പ്രവർത്തകർ മുന്നിട്ടിറങ്ങണം. ഫലപ്രദമായ ജലവിഭവ മാനേജ്മെന്റ് നമുക്കും ശീലമാക്കാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- ജലസ്രോതസ്സ് സംരക്ഷണ യജ്ഞം
- മഴവെള്ളം മണ്ണിലിറക്കൽ (വീഴുന്നിടത്ത് താഴട്ടെ)
- ജല പരിശോധന
- കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നത് തടയുക
- ജലജന്യരോഗ നിയന്ത്രണം
- ജലസ്രോതസ്സ് ദത്തെടുക്കൽ
- പുഴയാത്ര
- ജല ഓഡിറ്റ്

### പ്രവർത്തന മാർഗരേഖ

| സീഡ് ക്ലബ്ബ് | സീഡ് പോലീസ് | സീഡ് റിപ്പോർട്ടർ |
|---|---|---|
| **വാട്ടർ ഓഡിറ്റ് റിപ്പോർട്ട്:** നിങ്ങളുടെ പ്രദേശത്തെ ജലസ്രോതസ്സുകളുടെ അവസ്ഥാപഠനം നടത്തുക- അവയെ ഉപയോഗയോഗ്യമായത്, അല്ലാത്തത് എന്നിങ്ങനെ തരംതിരിക്കുക. ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കുന്നതിനും മലിനമാക്കുന്നത് തടയുന്നതിനുമുള്ള പ്രായോഗിക മാർഗങ്ങൾ കണ്ടെത്തുക, വിശദമായ റിപ്പോർട്ട് സ്കൂളിൽ അവതരിപ്പിക്കുക, പ്രാദേശിക കൂട്ടായ്മ രൂപവത്കരിച്ച് മലിനമായ ജല സ്രോതസ്സുകൾ വൃത്തിയാക്കുക. | വാട്ടർ ഓഡിറ്റ് റിപ്പോർട്ട് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുക. | പ്രാദേശിക ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക. ശ്രദ്ധേയമായ പ്രായോഗിക പരിഹാരമാർഗങ്ങൾ മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്യുക. |

## 2 നാട്ടുമാഞ്ചോട്ടിൽ



**Synchronising curriculum with environmental education and student empowerment**

**ഹൈസ്കൂൾ ക്ലാസുകളിലെ നാട്ടറിവുകൾ, കൃഷിപാഠങ്ങൾ, സാമൂഹിക സേവന പാഠങ്ങൾ എന്നിവയ്ക്ക് ഗുണകരം**

### പ്രായോഗിക പ്രവർത്തനങ്ങൾ

- നാട്ടുമാവുകളുടെ പേരുകൾ ചേർത്ത രജിസ്റ്റർ
- നാട്ടുമാവുകളുടെ എണ്ണമെടുക്കൽ
- നാട്ടുമാവുകൾ മുറിക്കുന്നതിനെ തിരെ പ്രചാരണം.
- വിവിധ നാട്ടുമാവുകൾക്ക് സംരക്ഷണം
- പഴുത്തുവീഴുന്ന മാങ്ങകൾ മുളപ്പിക്കാനായി ശേഖരിക്കൽ
- നാട്ടുമാവിന്റെ നഴ്സറി
- നാട്ടുമാവുകൾ തേടി യാത്രകൾ
- നാട്ടുമാവുമായി ബന്ധപ്പെട്ട നാട്ടറിവുകൾ ശേഖരിക്കുക.

**ന**ഷ്ടമായിക്കൊണ്ടിരിക്കുന്ന നാട്ടുനന്മകൾ നിലനിർത്തുന്നതിന്റെ ഭാഗമായി സീഡ് കഴിഞ്ഞവർഷം നാട്ടുമാവ് വർഷമായി ആചരിച്ചു. ഇതിന്റെ ഭാഗമായി വിവിധയിനത്തിൽപ്പെട്ട 31,986 നാട്ടുമാവുകൾ കുട്ടികൾ ശേഖരിച്ചു നട്ടുസംരക്ഷിച്ചുപോരുന്നു. നൂറോളം നാട്ടമാവുകളുടെ പേരുകൾ ശേഖരിച്ചു. ഇതിന്റെ തുടർപ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ടു പോകാം, നാട്ടുമാവിന്റെ നന്മ നിറയുന്നൊരു കാലത്തിനായി.

കേരളത്തിലെ എല്ലാ നാട്ടുമാവിനങ്ങളുടെയും തൈകൾ വളർത്തുന്ന സംരക്ഷണത്തോട്ടങ്ങൾ ഒരുക്കാനാണ് സീഡിന്റെ ശ്രമം.

ഇതിനായി നാട്ടുമാവുകളെ സംരക്ഷിക്കുന്നവരുടെ കൂട്ടായ്മയായി 'നാട്ടുമാങ്കൂട്ടം' പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഈ നാട്ടുമാവ് നെറ്റ്‌വർക്കിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ തുടരണം. നിങ്ങളുടെ നാട്ടിലോ പറമ്പിലോ ഉള്ള വിവിധയിനം നാട്ടുമാവിന്റെ വിളഞ്ഞുപാകമായ മാമ്പഴങ്ങൾ സ്കൂളുകളിലെ 'മാംഗോബാങ്കിൽ' എത്തിക്കുക. പിന്നീട് ഇതിന്റെ തൈകൾ മുളപ്പിച്ചെടുത്ത് വിതരണം ചെയ്യാവുന്നതാണ്.





## 3 കാർഷിക പ്രവർത്തനങ്ങൾ



**Synchronising curriculum with environmental education and student empowerment**

**ആരോഗ്യ – കായിക വിദ്യാഭ്യാസം, ജീവലോകത്തിന് ആഹാരം എന്നീ പാഠഭാഗങ്ങൾക്കും സാമൂഹ്യശാസ്ത്രം, ശാസ്ത്രം എന്നീ വിഷയങ്ങളിലെ പ്രവൃത്തിപരിചയ ക്ലാസുകൾക്കും പ്രയോജനകരം**

**സ്**കൂളുകളിലൂടെ നാം തുടങ്ങിവെച്ച കാർഷികവിപ്ലവം ഇന്ന് മറ്റുള്ളവർക്ക് മാതൃകയാണ്. അന്യന്റെ മുൻപിൽ കൈനീട്ടാത്ത വിധത്തിൽ ഓരോ വീട്ടിലും കൃഷി എന്ന ലക്ഷ്യത്തിലേക്ക് കേരളം മുന്നേറുന്നു. ഹരിതകേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണിത്. 'നല്ല ഭക്ഷണം നമ്മുടെ അവകാശം' എന്നതാവട്ടെ ഈ വർഷത്തെ പ്രധാന മുദ്രാവാക്യം. സീഡ് അംഗങ്ങളുടെ കഴിഞ്ഞ എട്ടു വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തിൽ ജൈവപച്ചക്കറിവിപ്ലവത്തിനു പ്രധാന പങ്കുവഹിച്ചു. മണ്ണും വെള്ളവും വായുവും വെളിച്ചവും ചേർന്ന് അന്നം നൽകുന്ന കൃഷിയിൽ നമുക്ക് ഇനിയും മുന്നേറാം. വിഷമില്ലാത്ത ഭക്ഷണം എന്ന നമ്മുടെ സ്വപ്നം യാഥാർഥ്യമാവട്ടെ.



### പ്രായോഗിക പ്രവർത്തനങ്ങൾ

- സ്കൂളിൽ അടുക്കളത്തോട്ടം
- എല്ലാ വീട്ടിലും കൃഷി
- നെൽകൃഷി
- മണ്ണുസംരക്ഷണ പ്രവർത്തനം
- നവീന കൃഷിരീതികൾ
- ജൈവ കീടനാശിനികളുടെ നിർമാണവും പ്രചാരണവും
- കാർഷികോത്പന്നങ്ങളുടെ വിപണനമേള.
- കാലാവസ്ഥാ വ്യതിയാനം കൃഷിയെ ബാധിക്കുന്നുണ്ടോ – പഠനം
- സ്കൂൾകലോത്സവത്തിന് 'നഞ്ചില്ലാത്ത ഊണ് എന്റെവക'
- കൃഷിയുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ, തൊഴിൽസാധ്യതകൾ മനസ്സിലാക്കുക.

### പ്രവർത്തന മാർഗരേഖ

| സീഡ് ക്ലബ്ബ് | സീഡ് പോലീസ് | സീഡ് റിപ്പോർട്ടർ |
|---|---|---|
| ഭക്ഷണത്തിൽ മായം ചേർക്കുന്ന വിധങ്ങൾ മനസ്സിലാക്കുക, മായം ചേർക്കുന്നത് ലാബിൽ ലഘുപരീക്ഷണങ്ങളിലൂടെ കണ്ടെത്താനുള്ള മാർഗങ്ങൾ കണ്ടെത്തുക. | നിങ്ങളുടെ പ്രദേശത്ത് മായംചേർന്ന ഭക്ഷണങ്ങൾ വിൽക്കുന്നുണ്ടോ എന്ന് കണ്ടെത്തുക. ഭക്ഷണത്തിൽ മായംചേർക്കുന്നതിനെതിരെ പൊതുജനങ്ങളെ ബോധവത്കരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്യുക. ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ച് ബോധവത്കരണം. | നെൽവയൽ നികത്തൽ, ഭക്ഷണത്തിൽ മായംചേർക്കൽ, പ്രാദേശിക കാർഷികപ്രശ്നങ്ങൾ എന്നിവ മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്യുക. |

# 4 ജൈവവൈവിധ്യ സംരക്ഷണം



Synchronising curriculum with environmental education and student empowerment

5 മുതൽ 10 വരെ ക്ലാസുകളിലെ ശാസ്ത്ര വിഷയങ്ങൾക്ക് സഹായകം

**കാ**ലാവസ്ഥാ വ്യതിയാനം എന്നത് അനുഭവിച്ചറിയുന്ന കാലത്തിലേക്ക് നമ്മൾ എത്തപ്പെട്ടുകൊണ്ടിരിക്കുന്നു. സമ്പന്നമായ ജൈവവൈവിധ്യത്തിന്റെ നാശമാണ് ഇതിന്റെ പ്രധാന കാരണം. ഇവ സംരക്ഷിക്കാതെ ഇനി നമ്മുടെ ജീവിതം സുഗമമാകില്ല. നമ്മുടെ ജൈവവൈവിധ്യം തിരിച്ചറിയാനും സംരക്ഷിക്കാനും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. പ്രകൃതിവിഭവങ്ങളെ കരുതലോടെ വേണം ഉപയോഗിക്കാൻ. നാനാജാതി ജീവികൾ, സസ്യങ്ങൾ, കാവുകൾ എന്നിവ നമ്മുടെ ജൈവസമ്പത്താണ്. നമുക്ക് ജൈവവൈവിധ്യം തിരിച്ചറിയാം, സംരക്ഷിക്കാം.

- വൃക്ഷത്തൈകൾ നട്ട് സംരക്ഷിക്കൽ
- ജൈവവൈവിധ്യ പാർക്ക്, ചിത്രശലഭ പാർക്ക്
- ജൈവവൈവിധ്യ രജിസ്റ്റർ
- അന്യം നിന്നുപോകുന്ന സസ്യങ്ങളുടെ സംരക്ഷണം
- പരിസ്ഥിതി നിയമ സാക്ഷരത
- കാട്ടുതീ തടയാൻ ബോധവത്കരണം
- കാവ് സംരക്ഷണം
- മുള സംരക്ഷണം
- ആരാധനാലയങ്ങൾ ഹരിതാഭമാക്കൽ
- മരങ്ങളിൽ അണിയടിക്കുന്നതിനെതിരെ പ്രചരണം.
- പരിസ്ഥിതി ഫോട്ടോഗ്രാഫി പ്രോത്സാഹിപ്പിക്കൽ
- തീരദേശ ജൈവവൈവിധ്യ സംരക്ഷണം.
- കണ്ടൽ സംരക്ഷണം

## കടലാമയ്ക്കൊരു കൈത്തൊട്ടിൽ

**മു**ട്ടയിടാനായി ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടി കേരളത്തിന്റെ തീരപ്രദേശത്ത് എത്തുന്ന ഒലിവ് റിഡ്‌ലി കടലാമകൾ നിക്ഷേപിക്കുന്ന മുട്ടകൾക്ക് സംരക്ഷണം ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്. കടലാമസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രാദേശിക പരിസ്ഥിതിസംഘടനകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. തീരപ്രദേശങ്ങളിൽ പലയിടത്തും കാണുന്ന കടലാമമുട്ടകൾ ശേഖരിച്ച് സംരക്ഷിച്ച് വിരിയിച്ച് ആമക്കുഞ്ഞുങ്ങളെ കടലിലേക്ക് വിടണം. കടലാമസംരക്ഷണത്തിനായുള്ള പ്രചാരണപ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമാണ്.

## സീസൺ വാച്ച്

**ഋ**തുഭേദങ്ങൾക്കനുസരിച്ച് മരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനായി നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസും (NCBS), Wiproയും സീഡും ചേർന്ന് ദേശീയ തലത്തിൽ നടപ്പിലാക്കുന്ന സിറ്റിസൺസ് സയൻസ് പദ്ധതിയാണ് സീസൺ വാച്ച്. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്കൂളുകൾക്കും ഈ പദ്ധതിയിൽ തുടർ പ്രവർത്തനം നടത്താം. പുതിയ സ്കൂളുകൾക്കും പദ്ധതിയിൽ അംഗമാകാം. സീസൺ വാച്ച് മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിലും ലഭ്യമാണ്. Play.google.com/store/apps/details?id=seasonwatch.in

website: www.seasonwatch.in/seed

**കൂടുതൽ വിവരങ്ങൾക്ക്:**

Talk to Mr. Mohammed Nizar, State Co-ordinator, Seasonwatch. Mob: 09446447666.



### പ്രവർത്തന മാർഗരേഖ

| സീഡ് ക്ലബ്ബ് | സീഡ് പോലീസ് | സീഡ് റിപ്പോർട്ടർ |
|---|---|---|
| അനധികൃത മണലെടുപ്പ്, ക്വാറി, കുന്നിടിക്കൽ, മറ്റു ജൈവവൈവിധ്യ നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ കണ്ടെത്തുക. പരിസ്ഥിതി നിയമങ്ങളെക്കുറിച്ച് ബോധവത്കരണം. | അനധികൃത ക്വാറികളെക്കുറിച്ച് പഠനം നടത്തി വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് പരാതി കൊടുക്കുകയും ചെയ്യുക. | ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വാർത്തകൾ മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്യുക. |



# 5 മലിനീകരണ നിയന്ത്രണം ശുചിത്വം, ആരോഗ്യം



Synchronising curriculum with environmental education and student empowerment

5 മുതൽ 10 വരെ ക്ലാസുകളിലെ ശാസ്ത്ര വിഷയങ്ങൾക്കും 9-ാം ക്ലാസിലെ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠങ്ങൾക്കും സഹായകം

**മ**ലിനീകരണംമൂലം പൊതുസമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ മലയാളി സൗകര്യപൂർവം മറക്കുന്നു. ഈ യാഥാർഥ്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പുതിയൊരു ശുചിത്വസംസ്കാരം ഉടലെടുക്കണം. മലിനീകരണം ബാധിക്കാത്ത ഒരിടവും ഭൂമിയിൽ അവശേഷിക്കുന്നില്ല. മലിനീകരണത്തിന്റെ കടുത്ത ഫലങ്ങൾ രോഗങ്ങളായും മറ്റും ഭൂമിയിലെ ജീവജാലങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്നു. ശുചിത്വമാണ് മലിനീകരണത്തിനെതിരെയുള്ള ആദ്യ നടപടി. വ്യക്തി ശുചിത്വത്തോടൊപ്പം പരിസര ശുചിത്വത്തിനും പ്രാധാന്യം നൽകണം.



## എന്റെ തെങ്ങ്



**മാ**തൃഭൂമി സീഡും നാളികേര വികസന ബോർഡും ചേർന്ന് കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കിയ പദ്ധതിയാണ് എന്റെ തെങ്ങ്. സ്കൂളുകളിൽ കേരവൃക്ഷത്തെ പരിരക്ഷിക്കുന്നതിലൂടെ കേരകൃഷിയോട് അടുപ്പമുണ്ടാക്കാൻ കുട്ടികൾക്ക് കഴിഞ്ഞു.

### ലവ് പ്ലാസ്റ്റിക്

**പ്ലാ**സ്റ്റിക് മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് പുനരുപയോഗം നടത്തുന്നതിനായി സീഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തുടങ്ങിയ ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും റെസിഡൻറ്സ് അസോസിയേഷനുകളും ഏറ്റെടുത്ത് വിപുലമാക്കി. സ്കൂളിലും, വീട്ടിലും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ നേരിട്ടോ പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റുകൾക്ക് കൈമാറണം. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെ ജാഗ്രത പുലർത്തണം. പ്ലാസ്റ്റിക് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള കർമപദ്ധതികൾ പ്രാദേശികമായി ആവിഷ്കരിച്ച് നടപ്പാക്കണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക
- മണ്ണ്, വായു, ജലം, ശബ്ദം എന്നിവയുമായി ബന്ധപ്പെട്ട മലിനീകരണ നിയന്ത്രണം
- ഇ-വേസ്റ്റ് മാനേജ്മെന്റ്
- ഉറവിട മാലിന്യ സംസ്കരണം
- പൊതുയിടങ്ങൾ ദത്തെടുത്ത് വൃത്തിയാക്കുക.
- ജീവിതശൈലീരോഗ നിയന്ത്രണം
- വാക് ടു ഹെൽത്ത്
- Extended Producer Responsibility (EPR) (Take back waste by producers)

### പ്രവർത്തന മാർഗരേഖ

| സീഡ് ക്ലബ്ബ് | സീഡ് പോലീസ് | സീഡ് റിപ്പോർട്ടർ |
|---|---|---|
| മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പൊതുയിടങ്ങൾ ഉദ്യാനമാക്കി മാറ്റുക. | മാലിന്യം വഴിയരികിൽ നിക്ഷേപിക്കുന്നതിനെതിരെ പ്രതികരിക്കുക. ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നല്കുക. | പൊതുയിടത്തിൽ മാലിന്യം തള്ളുന്നതിന്റെ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുക. |

## 6 ഊർജ സംരക്ഷണം



Synchronising curriculum with environmental education and student empowerment

ഹൈസ്കൂൾ ക്ലാസുകളിലെ ഊർജവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾക്ക് സഹായകം

**മ**നുഷ്യന്റെ ഊർജ ആവശ്യങ്ങൾ അനുദിനം വർധിച്ചു വരുന്നു. ആളോഹരി ഊർജോപയോഗം സ്വയം കുറയ്ക്കാൻ നമുക്ക് മുന്നിട്ടിറങ്ങാം. ഊർജത്തിന്റെ ശരിയായ ഉപയോഗം മനുഷ്യപുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. വൈദ്യുതോപയോഗ നിയന്ത്രണമാണ് ഊർജസംരക്ഷണത്തിലെ ആദ്യപടി. ആവശ്യത്തിനു മാത്രം വൈദ്യുതി ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കുകയും പ്രചരിപ്പിക്കുകയും വേണം.

### പ്രവർത്തന മാർഗരേഖ

#### സീഡ് ക്ലബ്ബ്

വാർഡുകൾ ദത്തെടുക്കുക, ഊർജോപയോഗ സർവേ നടത്തി ഉപയോഗം കുറയ്ക്കുവാൻ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക. പ്രദേശത്തെ വീടുകളിലും സ്ഥാപനങ്ങളിലും ഇലക്ട്രിസിറ്റി ബില്ലുകൾ താരതമ്യം ചെയ്ത് ഉപയോഗത്തിലെ കുറവ് രേഖപ്പെടുത്തുക.

#### സീഡ് പോലീസ്

അമിത ഊർജോപയോഗവും ഊർജനഷ്ടവും കണ്ടെത്തി തടയുവാനുള്ള മാർഗങ്ങൾ സ്വീകരിക്കുക. ബന്ധപ്പെട്ട അധികാരികൾക്ക് പരാതി കൊടുക്കുക.

#### സീഡ് റിപ്പോർട്ടർ

പൊതുസ്ഥലങ്ങളിൽ അമിത ഊർജോപയോഗം/ഊർജനഷ്ടം കണ്ടെത്തിയാൽ മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്യുക.

### പ്രായോഗിക പ്രവർത്തനങ്ങൾ

- വിദ്യാർഥികളെ എനർജി ഓഡിറ്റേഴ്സാക്കുക.
- ട്രാഫിക് നിയമങ്ങൾ പാലിക്കുക
- എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- വീടുകളെ പരിസ്ഥിതി സൗഹൃദമാക്കാൻ ബോധവത്കരണം.
- നിത്യജീവിതത്തിൽ ഊർജോപയോഗം കുറയ്ക്കുവാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക, ഉപകരണങ്ങൾ നിർമിക്കുക.





## സീഡ് ദിനാചരണ കലണ്ടർ

**2017 ജൂൺ**

**5: ലോക പരിസ്ഥിതിദിനം**
8: ലോക സമുദ്രദിനം
12: ലോക ബാലവേലവിരുദ്ധ ദിനം
14: ലോക രക്തദാന ദിനം
**17: മരുഭൂമിവത്കരണവിരുദ്ധ ദിനം**
19: വായന ദിനം
21: അന്തർദേശീയ യോഗ ദിനം, സംഗീത ദിനം
26: അന്തർദേശീയ ലഹരിമരുന്നുവിരുദ്ധ ദിനം

**2017 ജൂലായ്**

**1: ഡോക്ടേഴ്സ് ദിനം**
11: ലോക ജനസംഖ്യാദിനം
21: ചാന്ദ്രദിനം
**28: പ്രകൃതി സംരക്ഷണ ദിനം**
29: ലോക കടുവ ദിനം

**2017 ഓഗസ്റ്റ്**

6: ഹിരോഷിമ ദിനം
**9: ഹരിതോത്സവം പുനരുപയോഗദിനം**
നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാദിനം
12: ലോക ആനദിനം
15: സ്വാതന്ത്ര്യദിനം
20: ലോക കൊതുകുദിനം
22: ലോക നാട്ടറിവുദിനം
**29: ദേശീയ കായിക ദിനം**
ആണവപരീക്ഷണവിരുദ്ധ ദിനം

**2017 സെപ്റ്റംബർ**

2: ലോക നാളികേര ദിനം
5: അധ്യാപക ദിനം
8: ലോക സാക്ഷരതാ ദിനം
**16: ഓസോൺ ദിനം**
18: ലോക മുളദിനം
21: അൽഷിമേഴ്സ് ദിനം
24: ലോക ബധിര ദിനം

**2017 ഒക്ടോബർ**

1: ലോക വൃദ്ധദിനം
**2: ഗാന്ധിജയന്തി** ലോക അഹിംസാദിനം
4: ലോക മൃഗക്ഷേമദിനം
11: അന്താരാഷ്ട്ര ബാലികാദിനം
**16: ലോക ഭക്ഷ്യദിനം**
17: ലോക ദാരിദ്ര്യ നിർമാർജന ദിനം
24: ഐക്യരാഷ്ട്രദിനം

**2017 നവംബർ**

1: കേരളപ്പിറവി
10: അന്താരാഷ്ട്ര ശാസ്ത്രദിനം
11: ദേശീയ വിദ്യാഭ്യാസ ദിനം
12: ദേശീയ പക്ഷിനിരീക്ഷണ ദിനം
14: ശിശുദിനം, ലോക പ്രമേഹ ദിനം
**17: ലോക വിദ്യാർഥി ദിനം**
20: ദേശീയ ബാലാവകാശ ദിനം

**2017 ഡിസംബർ**

1: ലോക എയ്ഡ്സ് ദിനം
3: ലോക ഭിന്നശേഷി ദിനം
5: ലോക മണ്ണ് ദിനം
10: മനുഷ്യാവകാശ ദിനം
11: ലോക പർവത ദിനം
14: ദേശീയ ഊർജ സംരക്ഷണ ദിനം

**2018 ജനുവരി**

12: ദേശീയ യുവജന ദിനം
25: ദേശീയ വിനോദസഞ്ചാര ദിനം
26: റിപ്പബ്ലിക് ദിനം
29: ദേശീയ പത്രദിനം

**2018 ഫെബ്രുവരി**

2: ലോക തണ്ണീർത്തട ദിനം
20: ലോക സാമൂഹികനീതി ദിനം
21: ലോക മാതൃഭാഷാ ദിനം
27: അന്തർദേശീയ ധ്രുവക്കരടി ദിനം
28: ദേശീയ ശാസ്ത്രദിനം

**2018 മാർച്ച്**

1: വിവേചന രഹിത ദിനം
3: ലോക വന്യജീവി ദിനം
8: ലോക വനിതാദിനം
14: അന്താരാഷ്ട്ര പുഴസംരക്ഷണ ദിനം
20: ലോക കുരുവിദിനം
21: ലോക വനദിനം
22: ലോക ജലദിനം
23: ലോക കാലാവസ്ഥാ ദിനം

**2018 ഏപ്രിൽ**

2: ലോക ഓട്ടിസം അവബോധ ദിനം, അന്താരാഷ്ട്ര ബാലപുസ്തക ദിനം
6: അന്താരാഷ്ട്ര കായിക ദിനം
7: ലോക ആരോഗ്യദിനം
18: ലോക പൈതൃക ദിനം
22: ഭൗമദിനം
23: ലോക പുസ്തക ദിനം

**2018 മേയ്**

12: ലോക ദേശാടനപ്പക്ഷി ദിനം
15: അന്താരാഷ്ട്ര കുടുംബദിനം
22: അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം
23: ലോക ആമദിനം
31: ലോക പുകയിലവിരുദ്ധ ദിനം

ഹരിതകേരളം-ഹരിതോത്സവത്തിൽ ആഘോഷിക്കാൻ ഉദ്ദേശിക്കുന്ന ദിനങ്ങളാണ് പച്ച നിറത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്

# മൂല്യനിർണയം എങ്ങനെ?

**2017** ജൂൺ 5 മുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് ജേതാക്കളെ നിർണയിക്കുക. കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ആറു പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടത്തണം. ഹരിതകേരളം മിഷന്റെ ഹരിതോത്സവം പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളും മൂല്യനിർണയത്തിന് പരിഗണിക്കും.

സ്കൂളിൽ നടത്തിയ പരിപാടികളുടെ സമ്പൂർണ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്. പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കണം. സീഡ് റിപ്പോർട്ടുകൾ 2018 ജനുവരി 15-നകം അടുത്തുള്ള മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും. സ്കൂളുകളിൽ പ്രത്യേക ജൂറി സന്ദർശനം നടത്തും. അതിനു ശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ.

### സീഡ് ഹരിതവീട്

നമ്മുടെ വീടുകൾ പരിസ്ഥിതിസൗഹൃദമാക്കുകയും കുടുംബാംഗങ്ങൾ പരിസ്ഥിതിയോടിണങ്ങിയ ജീവിതശൈലി പിന്തുടരുകയും ചെയ്യുക എന്നതാണ് സീഡ് ഹരിതവീട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വാഭാവികമായ കാറ്റും വെളിച്ചവും നന്നായി കടക്കുന്ന വിധത്തിലായിരിക്കണം വീട്. അടുക്കളത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം, ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ സീഡ് ഹരിതവീട്ടിൽ ഉണ്ടായിരിക്കണം. നല്ല ഭക്ഷണശീലങ്ങൾ, ജീവിതശൈലീരോഗ നിയന്ത്രണം, എന്നിവ നടപ്പിലാക്കണം. സ്കൂളിനടുത്തോ വീടിനടുത്തോ ഇത്തരം ഹരിതവീടുകൾ ഉണ്ടെങ്കിൽ അവയെ 'ഹരിതവീട്' അവാർഡിനായി നിർദേശിക്കാം. സീഡ് വർഷാന്ത്യറിപ്പോർട്ടിനൊപ്പം ഹരിതവീട് നിർദേശവും സമർപ്പിക്കാം.

- **റിപ്പോർട്ടുകൾ കാര്യമാത്രപ്രസക്തവും ആവർത്തനം ഇല്ലാത്തതുമാവണം.**
- **മുൻവർഷങ്ങളിൽ അവാർഡ് കിട്ടിയത് വീണ്ടും ലഭിക്കുന്നതിന് തടസ്സമല്ല.**
- **സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചിട്ടുണ്ട്.**
- **റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന CD, DVD തുടങ്ങിയവയിൽ സ്കൂളിന്റെ പേരും അതിലുള്ള ഉള്ളടക്കം എന്തെന്നും എഴുതണം.**



സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.



## പ്രസിദ്ധീകരണത്തിനായി വാർത്തകൾ നൽകുമ്പോൾ

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ അതത് ജില്ലകളിലെ മാതൃഭൂമി ഓഫീസുകളിലാണ് നൽകേണ്ടത്. ഇക്കാര്യത്തിനായി മാതൃഭൂമി സീഡ് എക്സിക്യൂട്ടീവിന്റെ സഹായം തേടാം. വാർത്തകളുടെ ബാഹുല്യവും സ്ഥലപരിമിതിയും അനുസരിച്ച് എഡിറ്റോറിയൽ വിഭാഗം തിരഞ്ഞെടുക്കുന്ന വാർത്തകളും ചിത്രങ്ങളും മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ എന്ന കാര്യം മറക്കല്ലേ!

## www.mbiseed.com

മാതൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽനിന്നു മനസ്സിലാക്കാം. സീഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും ഫോട്ടോ വീഡിയോ ദൃശ്യങ്ങളുമെല്ലാം സീഡ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യാം. സ്കൂളിന്റെ യൂസർ നെയിം, പാസ്‌വേഡ് എന്നിവ ലഭിക്കാൻ അതത് ജില്ലയിലെ സീഡ് കോ ഓഡിനേറ്റർമാരെ ബന്ധപ്പെടുക.

സീഡ് കോഓഡിനേറ്റർമാരായ അധ്യാപകർക്കും സീഡ് പ്രവർത്തകരായ കുട്ടികൾക്കും പ്രകൃതിസംബന്ധമായ ലേഖനങ്ങൾ സീഡ് വെബ്സൈറ്റിലേക്ക് നൽകാവുന്നതാണ്. ഇവ സീഡിന്റെ mbiseed@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം.

## പ്രകൃതിയെ അറിയാൻ

സീഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന സംശയങ്ങൾക്ക് അതതുരംഗത്തെ വിദഗ്ധരിൽനിന്ന് മാർഗനിർദേശങ്ങൾ തേടുന്നതിന് സഹായകമായ ചില ഫോൺനമ്പറുകളും വെബ്സൈറ്റ് വിലാസങ്ങളും ചുവടെ ചേർക്കുന്നു.

**Important Phone numbers**
Tree Health Helpline, KFRI, Thrissur: 0487 2690222
Farm Information Bureau, Thiruvananthapuram: 0471 2314358
Krishi Vigyan Kendra – Mitra Nikethan, Vellanad, Thiruvananthapuram: 0472 2882086, 9387882778
Biodiversity Board, Thiruvananthapuram: 0471 2554140
State Bio fertiliser laboratory: 0471 2530578
Farmers Training center: 04734 252244, 04952373582

**Important Websites:**
Department of Agriculture: www.karshikakeralam.gov.in
Farm Information Bureau: www.fibkerala.gov.in
Environment Department: www.imdtvm.gov.in
Department of Animal Husbandry: www.ahd.kerala.gov.in
Department of Soil Conservation: www.soilconsnetkerala.gov.in
Kerala Agricultural University: www.kau.edu
Veterinary University: www.kvasu.ac.in
Fisheries Department: www.fisheries.kerala.gov.in
Institute for Climate Change Studies: www.niccs.in

പ്രകൃതി സംരക്ഷണ വിഷയങ്ങളിലെ സംശയങ്ങൾക്ക് മാതൃഭൂമി സീഡിന്റെ ഉപദേശകനായ **പ്രൊഫ. എസ്. സീതാരാമനെ 9388609725** എന്ന നമ്പറിൽ ബന്ധപ്പെടാം.

## Contact

**Address:**
**SEED Project**
**C/o Mathrubhumi**
**K.P. Kesavamenon Road, Kozhikode.**
**Website: www.mbiseed.com**
**E-mail: mbiseed@gmail.com**

THIRUVANANTHAPURAM
**Mr. Murali R.**
(Unit Manager) 0471 2461071

KOLLAM
**Mr. N.S. Vinod Kumar**
(Regional Manager) 0474 2790761

PATHANAMTHITTA
**Mr. T. Ajith Kumar**
(Special Correspondent) 0468 2228678

KOTTAYAM
**Mr. Suresh T**
(Unit Manager) 0481 2568055

ALAPPUZHA
**Mr. C. Suresh Kumar**
(Unit Manager) 0477 2230864

IDUKKI
**Smt. M. Bilina**
(Special Correspondent) 0486 2227465

ERNAKULAM
**Smt. Sindhu P.**
(Unit Manager) 0484 2531708

THRISSUR
**Mr. G. Chandran**
(Unit Manager) 0487 2423284

PALAKKAD
**Mr. Amal Raj S.**
(Unit Manager) 0491 2521900

MALAPPURAM
**Mr. V. S. Jayakrishnan**
(Regional Manager) 0483 2745800

KOZHIKODE
**Mr. C. Manikandan**
(Regional Manager) 0495 2765381

WAYANAD
**Mr. T. V. Raveendran**
(Manager, Books) 0493 6202378

KANNUR
**Mr. Joby P. Paulose**
(Unit Manager) 0497 2825100

KASARAGODE
**Mr. K. Rajesh Kumar**
(Senior Correspondent) 0499 4230298

# 25 ലക്ഷത്തോളം രൂപയുടെ ക്യാഷ് പ്രൈസ്!

# ഒട്ടാകെ 552 സമ്മാനങ്ങൾ!

# കൂടാതെ ട്രോഫികളും സർട്ടിഫിക്കറ്റുകളും!

## സംസ്ഥാനത്തെ ഏറ്റവും മികച്ച സ്കൂളിന് വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം

## മികച്ച രണ്ടും മൂന്നും സ്ഥാനക്കാർക്ക് പ്രത്യേക സമ്മാനങ്ങൾ

## 14 ശ്രേഷ്ഠ ഹരിതവിദ്യാലയം

## 28 ഹരിതമുകുളം അവാർഡുകൾ

## 123 ഹരിതവിദ്യാലയം

## 246 പ്രശംസാപത്രം

## 41 ബെസ്റ്റ് ടീച്ചർ കോ-ഓഡിനേറ്റർ

## 41 ജെം ഓഫ് സീഡ്

വിശിഷ്ട ഹരിതവിദ്യാലയം : 1 ലക്ഷം രൂപ!
രണ്ടാം സമ്മാനം : 75,000 രൂപ!
മൂന്നാം സമ്മാനം : 50,000 രൂപ!
കൂടാതെ സർട്ടിഫിക്കറ്റും ട്രോഫിയും!

റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന് ശ്രേഷ്ഠ ഹരിതവിദ്യാലയം അവാർഡ് 25,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും!

ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച മൂന്ന് സ്കൂളുകൾക്ക് ഹരിതവിദ്യാലയം അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും
ഒന്നാം സമ്മാനം : 15,000 രൂപ!
രണ്ടാം സമ്മാനം: 10,000 രൂപ!
മൂന്നാം സമ്മാനം : 5,000 രൂപ!

റവന്യൂ ജില്ലയിലെ മികച്ച രണ്ട് എൽ.പി. സ്കൂളുകൾക്ക് ഹരിതമുകുളം അവാർഡ് : 5,000 രൂപ വീതം

നാട്ടുമാഞ്ചോട്ടിൽ പദ്ധതിയിൽ സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച പ്രവർത്തനത്തിന് 25,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും. റവന്യൂ ജില്ലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സ്കൂളിന് പുരസ്കാരവും പ്രശസ്തിപത്രവും.

ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച പ്രവർത്തനം നടത്തുന്ന 6 വിദ്യാലയങ്ങൾക്ക് പ്രശംസാപത്രം!

ഓരോ വിദ്യാഭ്യാസ ജില്ലയിലും ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ടീച്ചർ കോ-ഓഡിനേറ്റർക്ക് 5000 രൂപയും സർട്ടിഫിക്കറ്റും!

സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് കാട്ടുന്ന വിദ്യാർഥികൾക്ക് ജെം ഓഫ് സീഡ് പുരസ്കാരം - ട്രോഫിയും സർട്ടിഫിക്കറ്റും!

ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക് ബെസ്റ്റ് റിപ്പോർട്ടർ പുരസ്കാരവും പ്രശസ്തിപത്രവും!

Printed at The Mathrubhumi MM Press, Kozhikode

മാതൃഭൂമി വിദ്യ
ഹരിതകേരളം മിഷൻ
FEDERAL BANK
YOUR PERFECT BANKING PARTNER